"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/326/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-05-2024

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ ദാരിദ്ര്യ ലഘൂകരണ പ്ലാൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വി.പി.ആർ.പി/ യു.പി.ആർ.പി. നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.09.2023ലെ I/98735/2023 നമ്പർ കത്ത്.
4. സ.ഉ.(കൈ) നം.198/2023/തസ്വഭവ, തീയതി 13.11.2023

**********************

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ ദാരിദ്ര്യ നിർമ്മാർജ്ജന - സ്ത്രീശാക്തീകരണ പരിപാടിയാണ് 'കുടുംബശ്രീ'. കുടുംബശ്രീ പ്രസ്ഥാനവും ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും പരസ്പര പൂരകമായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ കുടുംബശ്രീ പരിപാടികളുമായുള്ള സംയോജനം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സൂചന (1), (2) മാർഗ്ഗരേഖ ഖണ്ഡിക 3.5.6 (ബി) പ്രകാരം നൽകിയിട്ടുണ്ട്.

നാടിൻറെ വികസനം സാധ്യമാക്കാനുപകരിക്കുന്ന രീതിയിൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കുന്ന കർമ്മപദ്ധതി ആസൂത്രണ പ്രക്രിയയാണ് വി.പി.ആർ.പി/ യു.പി.ആർ.പി. (വില്ലേജ്/അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ). കുടുംബശ്രീ തയ്യാറാക്കുന്ന ഈ ആവശ്യാധിഷ്ഠിത പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായ പരിഗണന നൽകി തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സൂചന 1, 2, 4 ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ കൂടി തദ്ദേശഭരണ സ്ഥാനങ്ങൾക്കും കുടുംബശ്രീക്കും നൽകുന്നു;

1. വി.പി.ആർ.പി/ യു.പി.ആർ.പി രൂപീകരണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എ.ഡി.എസ്/ സി.ഡി.എസ് ശ്രദ്ധിക്കേണ്ടതാണ്.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി അവസ്ഥാരേഖകൾ പരിഷ്കരിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിന് മുൻപ് തന്നെ വി.പി.ആർ.പി/ യു.പി.ആർ.പി രൂപീകരണ പ്രക്രിയ കുടുംബശ്രീ പൂർത്തീകരിക്കേണ്ടതും അത് വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തരംതിരിച്ച്, വർക്കിംഗ് ഗ്രൂപ്പുകളുടെ പരിഗണനയ്ക്കായി ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി മുഖേന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർക്ക് നൽകേണ്ടതുമാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി അവസ്ഥാരേഖകൾ പരിഷ്കരിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിന് മുൻപ് തന്നെ എല്ലാ സി.ഡി.എസുകളും വി.പി.ആർ.പി/യു.പി.ആർ.പി തയ്യാറാക്കിയിട്ടുണ്ടെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.
4. വർക്കിംഗ് ഗ്രൂപ്പുകൾ വി.പി.ആർ.പി./ യു.പി.ആർ.പി കൂടി പരിഗണിച്ചുകൊണ്ട് ബന്ധപ്പെട്ട വിഷയമേഖലകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.
5. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും സി.ഡി.എസ്-ന്റെ പ്രതിനിധിയായി ഒരംഗത്തെ ഉൾപ്പെടുത്തേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 23-05-2024 17:16:40

സെക്ഷൻ ഓഫീസർ.